എൻ.എഫ്.ടി. ഡബ്ളിയു -പിഡിഎൽ/2013/ഡിപിഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 16.7.2013.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.

സർ,

വിഷയം – അദ്ധ്യാപകദിന സ്റ്റാമ്പ്, കൂപ്പൺ എന്നിവയുടെ വാർഷിക കണക്ക് ലഭ്യമാക്കുന്നത് സംബന്ധിച്ച്.

സൂചന – 1. 9.01.2013 -ലെ ഇതേ നമ്പർ കത്ത്.
2. ദേശീയ അദ്ധ്യാപക ക്ഷേമ ഫൗണ്ടേഷൻ സംസ്ഥാന പ്രവർത്തക സമിതിയുടെ 3.7.2013-ലെ യോഗ തീരുമാനം.

സൂചന ഒന്നിലേയ്ക്ക് താങ്കളുടെ വ്യക്തിപരമായ ശ്രദ്ധ ക്ഷണിയ്ക്കുന്നു. 2012-ലെ സ്റ്റാമ്പ് വിതരണ വേളയിൽ പ്രസ്തുത കത്ത് അദ്ധ്യാപകദിന സ്റ്റാമ്പ്, കൂപ്പൺ എന്നിയവുടെ 2006-07 മുതലുള്ള വിശദാംശങ്ങൾ പ്രത്യേക ഫാറത്തിൽ തയ്യാറാക്കി അയച്ചുതരണമെന്ന് എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫിസറന്മാരോടും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി വിവരങ്ങൾ ഇതേവരെ ഈ ഓഫീസിൽ ലഭിച്ചിട്ടില്ലാ എന്നത് വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. ആഡിറ്റ് പൂർത്തിയാക്കാൻ കഴിയാത്തതിൽ 3.7.2013-ൽ ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ദേശീയ അദ്ധ്യാപക ക്ഷേമഫൗണ്ടേഷൻ സംസ്ഥാന പ്രവർത്തക സമിതി യോഗം അതീവ ഉൽക്കണ്ഠ രേഖപ്പെടുത്തുകയും അടിയന്തിര നടപടികൾ സ്വീകരിക്കാൻ അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു (സൂചന-2)

അദ്ധ്യാപകദിന സ്റ്റാമ്പുകളും കൂപ്പണുകളും കൈകാര്യം ചെയ്യുന്ന കാര്യത്തിൽ ഗുരുതരമായ അനാസ്ഥയും വീഴ്ചയും ചില ഭാഗങ്ങളിൽ നിന്നും ഉണ്ടായിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ സാഹചര്യത്തിൽ അദ്ധ്യാപകദിന സ്റ്റാമ്പ് കൂപ്പൺ എന്നിവയുടെ 2006-07 മുതൽ 2012-13 വരെയുള്ള കണക്കുകൾ ഡി.സി.ബി ഫാറത്തിൽ തയ്യാറാക്കി 27.7.2013-ന് മുൻപായി താഴെപ്പറയുന്ന ഏതെങ്കിലും വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ടി വിവരങ്ങൾ മേൽ സൂചിപ്പിച്ച സമയപരിധിയ്ക്കുള്ളിൽ തയ്യാറാക്കി അയക്കാൻ കഴിയുന്നില്ലെങ്കിൽ അതിനുള്ള വിശദീകരണം 29.7.2013-ൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

അസിസ്റ്റന്റ് സെക്രട്ടറി
എൻ.എഫ്.റ്റി.,ഡബ്ളിയു കേരളം തിരുവനന്തപുരം

വിലാസം

1. ഇ. മെയിൽ dpi secret section @ g mail.com
2. തപാൽ – അസിസ്റ്റന്റ് സെക്രട്ടറി, എൻ.എഫ്.ടി. ഡബ്ല്യൂ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി. പി.ഒ., തിരുവനന്തപുരം – 14.

അന്വേഷണങ്ങൾക്ക്

1. അസിസ്റ്റന്റ് സെക്രട്ടറി – 9446070606
2. അക്കൗണ്ടന്റ് – 9497853342

വി.ജി.